**File No.E3/86/2020-IandPRD**

7097
19/6/20

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിവര പൊതുജന സമ്പർക്ക വകുപ്പ് - മാതൃഭൂമി ന്യൂസ് ചാനൽ റിപ്പോർട്ടറായിരുന്ന സജി മെഗാസിന്റെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് സഹായധനം അനുവദിക്കുന്നതിന് റവന്യൂ വകുപ്പിനെ ചുമതലപ്പെടുത്തി കൊണ്ട് ഉത്തരവാകുന്നു.

---

**വിവര പൊതുജന സമ്പർക്ക (ഇ) വകുപ്പ്**

**സ.ഉ.(കൈ) നം.3/2020/ഐ & പി.ആര്** തീയതി,തിരുവനന്തപുരം, 08/06/2020

---

പരാമർശം:- 1) 25.07.2018 ലെ ശ്രീ. മോൻസ് ജോസഫ് എം.എൽ.എ യുടെ കത്തും അതോടൊപ്പമുള്ള 23.07.2018 ലെ കടത്തുരുത്തി പ്രസ് ക്ലബ്ബ് സെക്രട്ടറിയുടെ നിവേദനവും.

2) 12.09.2018-ലെ കോട്ടയം ജില്ലാ കളക്ടറുടെ DCKTM/8065/2018-DM1 നമ്പർ നടപടിക്രമം.

**<u>ഉത്തരവ്</u>**

കോട്ടയം ജില്ലയിലെ മുണ്ടാറിൽ ദുരിതാശ്വാസ ക്യാമ്പ് റിപ്പോർട്ട് ചെയ്യാൻ പോയ മാതൃഭൂമി ന്യൂസ് ചാനലിന്റെ പ്രാദേശിക റിപ്പോർട്ടർ സജി മെഗാസ് കരിയാറിൽ വഞ്ചി മുങ്ങി ഉണ്ടായ അപകടത്തിൽ മരണമടഞ്ഞതിനെ തുടർന്ന് ദുരിതത്തിലായ ഭാര്യയുടെയും, വിദ്യാർത്ഥികളായ രണ്ട് പെൺകുട്ടികളുടെയും അവസ്ഥ കണക്കിലെടുത്ത് സാമ്പത്തിക സഹായവും, പരേതന്റെ വിധവയ്ക്ക് സർക്കാർ ജോലിയും നൽകുന്നതുമായി ബന്ധപ്പെട്ട് കടുത്തുരുത്തി എം.എൽ.എ ശ്രീ. മോൻസ് ജോസഫ് മുഖാന്തിരം, കടത്തുരുത്തി പ്രസ് ക്ലബ്ബ് സെക്രട്ടറി പരാമർശം (1) പ്രകാരം നിവേദനം സമർപ്പിച്ചിരുന്നു.

2 ) പരാമർ ശം (2 ) ലെ കോട്ടയം ജില്ലാ കളക്ടറുടെ 12.09.2018 ലെ നടപടി ഉത്തരവ് പ്രകാരം മരണമടഞ്ഞ സജി മെഗാസിന്റെ ആശ്രിതർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും 4 ലക്ഷം രൂപ അനുവദിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം പരിശോധിച്ചു. സജി മെഗാസ് മരണമടഞ്ഞതിനെ തുടർന്ന് ദുരിതത്തിൽ ആയ അദ്ദേഹത്തിന്റെ കുടുംബത്തിന്റെ അവസ്ഥ കണക്കിലെടുത്ത്, പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച 4 ലക്ഷം രൂപയ്ക്ക് പുറമെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2,00,000/-രൂപ (രണ്ട് ലക്ഷം രൂപ മാത്രം) സഹായധനം അനുവദിക്കുന്നതിന് റവന്യൂ വകുപ്പിനെ ചുമതലപ്പെടുത്തി കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**വേണുഗോപാൽ.പി**
**സെക്രട്ടറി**

റവന്യൂ വകുപ്പ്

പൊതുഭരണ (എസ്.സി) വകുപ്പ് (03.06.2020 ലെ മന്ത്രിസഭാ യോഗ തീരുമാനം ഇനം നം. 4019)

ധനകാര്യ വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

File No.E3/86/2020-landPRD

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

സെക്രട്ടറിയുടെ പി.എ

ഡയറക്ടറുടെ സി.എ

✓ W & NM

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 03-06-2020

ഫയൽ നം. ഇ3/86/2020-ഐ&പിആർഡി. ഇനം നം: 4019

വിഷയം : വിവര പൊതുജന സമ്പർക്ക വകുപ്പ് - മാതൃഭൂമി ന്യൂസ് ചാനൽ റിപ്പോർട്ടറായിരുന്ന സജി മെഗാസിന്റെ ആശ്രിതർക്ക് ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് സഹായധനം അനുവദിക്കുന്നത്.

തീരുമാനം : മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും രണ്ടു ലക്ഷം രൂപ അനുവദിക്കുവാൻ തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

സെക്രട്ടറി, വിവര പൊതുജന സമ്പർക്ക വകുപ്പ്.

DS
3/6

Receipt No : 4417351/2020/I&PRD (OS)

4019

കേരള സർക്കാർ
(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഇ 3/86/2020-ഐ&പിആർഡി |
| 2. | വകുപ്പ് | : | വിവര പൊതുജന സമ്പർക്ക (ഇ) വകുപ്പ് |
| 3. | വിഷയം | : | മാതൃഭൂമി ന്യൂസ് ചാനൽ റിപ്പോർട്ടറായിരുന്ന സജി മെഗാസിന്റെ ആശ്രിതർക്ക് ബഹു: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് സഹായധനം അനുവദിക്കുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 07/02/2020 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളത് ആണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : | ശ്രീമതി. മേരി ലാലി സി.വൈ. |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. പി. വേണുഗോപാൽ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 27.02.2020 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ടോം ജോസ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 12.03.2020 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ, ബഹു. കേരളാ മുഖ്യമന്ത്രി |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 23.05.2020 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 29.05.2020 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം, പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : | |

<u>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്</u>

കോട്ടയം ജില്ലയിലെ മുണ്ടാറിൽ ദുരിതാശ്വാസ ക്യാമ്പ് റിപ്പോർട്ട് ചെയ്യാൻ പോയ മാതൃഭൂമി മാധ്യമപ്രവർത്തകൻ സജി മെഗാസ് വഞ്ചി മുങ്ങി ഉണ്ടായ അപകടത്തിൽ മരണമടഞ്ഞതിനെ തുടർന്ന് ടിയാന്റെ ആശ്രിതർക്ക് ബഹു: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് സഹായധനം അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. സജി മെഗാസിന്റെ (48) ആശ്രിതർക്ക് സാമ്പത്തിക സഹായവും, പരേതന്റെ വിധവയ്ക്ക് സർക്കാർ ജോലിയും നൽകുന്നതുമായി ബന്ധപ്പെട്ട്, ബഹു. കടുത്തുരുത്തി എം.എൽ.എ ശ്രീ. മോൻസ് ജോസഫ് മുഖാന്തിരം, കടുത്തുരുത്തി പ്രസ് ക്ലബ്ബ് സെക്രട്ടറി ബഹു. മുഖ്യമന്ത്രിയ്ക്ക് നിവേദനം സമർപ്പിയ്ക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിൽ നിന്നും ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ *"ധനസഹായം നൽകുന്ന കാര്യം പരിശോധിക്കാം. വിവര പൊതുജന സമ്പർക്ക വകുപ്പിന് കൈമാറുക"* എന്ന ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇതിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിനായി റവന്യൂ (റ്റി) വകുപ്പിൽ നിന്നും ഫയൽ വിവര പൊതുജന സമ്പർക്ക വകുപ്പിലേക്ക് കൈമാറിയിരുന്നു.

3. 12.09.2018 ലെ കോട്ടയം ജില്ലാ കളക്ടറുടെ DCKTM/8065/2018-DM1 നമ്പർ ഉത്തരവ് പ്രകാരം മരണമടഞ്ഞ സജിയുടെ ആശ്രിതർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും 4 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

4. മാധ്യമപ്രവർത്തകനായ സജി മെഗാസ് വഞ്ചി മുങ്ങി ഉണ്ടായ അപകടത്തിൽ മരണമടഞ്ഞതിനെ തുടർന്ന് അദ്ദേഹത്തിന്റെ ഭാര്യയുടെയും, വിദ്യാർത്ഥികളായ രണ്ട് പെൺകുട്ടികളുടെയും അവസ്ഥ കണക്കിലെടുത്ത് ബഹു: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് സഹായധനം അനുവദിക്കുന്ന

-2-

വിഷയത്തിന്മേൽ തീരുമാനത്തിനായി ഫയൽ ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചപ്പോൾ ഇക്കാര്യം മന്ത്രിസഭാ യോഗത്തിനു സമർപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി ഉത്തരവാകുകയുണ്ടായി.

## തീരുമാനിക്കേണ്ട വിഷയം

കരിയാറിൽ വഞ്ചി മുങ്ങി അപകടത്തിൽ മരണമടഞ്ഞ മാതൃഭൂമി ന്യൂസ് ചാനലിന്റെ പ്രാദേശിക റിപ്പോർട്ടർ സജി മെഗാസിന്റെ ആശ്രിതർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച 4 ലക്ഷം രൂപ കൂടാതെ ടിയാൻ മരണമടഞ്ഞതിനെ തുടർന്ന് ദുരിതത്തിൽ ആയ അദ്ദേഹത്തിന്റെ ഭാര്യയുടെയും, വിദ്യാർത്ഥികളായ രണ്ട് പെൺകുട്ടികളുടെയും അവസ്ഥ കൂടി കണക്കിലെടുത്ത്, ബഹു: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് സഹായധനം അനുവദിച്ച് നൽകാവുന്നതാണോ?